ലഭ്യമാക്കി ഫാക്ടറികൾ തുറക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കരകൗശല മേഖലയിൽ, കരകൗശല വികസന കോർപ്പറേഷൻ, സുരഭി, കാഡ്കോ, ബാംബു കോർപ്പറേഷൻ എന്നിവയ്ക്കും സാമ്പത്തിക സഹായങ്ങൾ നൽകി. ഖാദി ഗ്രാമ വ്യവസായങ്ങളുടെ പരിരക്ഷയ്ക്കുവേണ്ടി ഇതുവരെ പദ്ധതി പ്രകാരവും റിബേറ്റ് ഇനത്തിലും കൂടി 1647.10 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു.

(ബി) 2004-2005 വർഷത്തിൽ കയർ മേഖലയിൽ സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം, മോഡൽ കയർ ഗ്രാമം, തൊണ്ട്, ചകിരി സംരംഭിക്കുന്നതിന് ധനസഹായം, യന്ത്രവൽക്കരണം, കയർ വ്യവസായത്തിലെ സഹകരണവൽക്കരണം, മഹിളാ കയർ വികസന പദ്ധതി തുടങ്ങിയവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കശുവണ്ടി വികസന കോർപ്പറേഷൻ ഉൽപ്പാദനക്ഷമത കൈവരിക്കുന്നതു സംബന്ധിച്ച് യൂണിയനുകളുമായി ഉണ്ടായ ധാരണ പരിഗണിച്ചു വരുന്നു. ഖാദി ഗ്രാമ വ്യവസായ മേഖലയിൽ സ്പെഷ്യൽ പാക്കേജ് നടപ്പിൽ വരുത്തുന്ന കാര്യം പരിഗണിച്ച് വരുന്നു. സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതാണ്. ഗ്രാമീണ തൊഴിൽ ദാന പദ്ധതി പ്രകാരം പുതിയ യൂണിറ്റുകൾക്കും മാർജിൻ മണി ഗ്രാന്റ് അനുവദിക്കുന്നതാണ്. കൈത്തറി മേഖലയിൽ റിബേറ്റ്/മാർക്കറ്റിംഗ് ഇൻസെന്റീവ്, ഹങ്ക് യാൺ സബ്സിഡി, ഹാൻഡ്ലൂം എക്സ്പോർട്ട് സ്കീം, ദീൻദയാൽ കൈത്തറി വികസന പദ്ധതി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സംസ്ഥാനം കയറ്റുമതി ചെയ്യുന്ന റൂട്ടെലിന്റെ ഗുണമേന്മ

11 [465] ശ്രീ. വർക്കല കഹാർ:

„ എഴുകോൺ നാരായണൻ:

„ എ. സുജനപാൽ:

„ കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കയറ്റുമതി ചെയ്യുന്ന റൂട്ടെലിന്റെ ഗുണമേന്മ ആഗോള വിപണിയിലെ ഉൽപ്പന്നങ്ങളുമായി തട്ടിച്ചു നോക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനം കയറ്റുമതി ചെയ്യുന്ന റൂട്ടെൽ ഗുണമേന്മയിൽ എത്രാം സ്ഥാനത്താണ് നിൽക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനം കയറ്റുമതി ചെയ്യുന്ന റൂട്ടെലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്;

(ഡി) കെ.എം.എം.എൽ.-ന് ഒരു ഗവേഷണ വിഭാഗമുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത വിഭാഗം ശക്തിപ്പെടുത്തേണ്ടതുണ്ടെന്നു കരുതുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഡ്യൂപോണ്ട്, കെർമെക്ഗി, ക്രിസ്റ്റൻ, മില്ലെനിയം തുടങ്ങിയ വിദേശ കമ്പനികളുടെ ഉല്പന്നങ്ങളോട് കിടപിടിക്കത്തക്ക ഗുണനിലവാരം കെ.എം.എം.എൽ.-ന്റെ ഉല്പന്നങ്ങൾക്കുണ്ട്.

(സി) റൂട്ടൈലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നിരന്തരമായി ഗവേഷണങ്ങളും അതുപ്രകാരം പുതിയ യന്ത്രസാമഗ്രികളും സ്ഥാപിച്ചു കൊണ്ടിരിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) കെ.എം.എം.എൽ.-ന്റെ ഗവേഷണ വിഭാഗം ശക്തിപ്പെടുത്തേണ്ടതുണ്ട്.

സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വിൽപ്പന

12 [466] ശ്രീ. സി. പി. മുഹമ്മദ്:
" എഴുകോൺ നാരായണൻ:
" എ. പി. അനിൽകുമാർ:
" ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുണ്ട്; ഇതിലെ ഷെഡ്ഡുകൾ ബന്ധപ്പെട്ട വ്യവസായികൾക്ക് വിലയ്ക്ക് നൽകാനുദ്ദേശമുണ്ടോ;

(ബി) എങ്കിൽ അവയുടെ വില നിശ്ചയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഇതുവരെ എത്ര ഷെഡ്ഡുകൾ വ്യവസായികൾക്ക് വിലയ്ക്കു നൽകി;

(ഡി) ഈ ഷെഡ്ഡുകൾ വിലയ്ക്കു വാങ്ങിയ വ്യവസായികളും ബന്ധപ്പെട്ട വകുപ്പും തമ്മിൽ അവയുടെ വിലയുടെ കാര്യത്തിൽ തർക്കം നിലവിലുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിൽ 17 ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉണ്ട്. അവ സിഡ്കോയുടെ കീഴിൽ വരുന്നതാണ്. ഇതിലെ ബന്ധപ്പെട്ട ഷെഡ്ഡുകൾ ബന്ധപ്പെട്ട വ്യവസായികൾക്ക് വിലയ്ക്ക് നൽകാൻ ഉദ്ദേശിക്കുന്നു.

(ബി) സർക്കാർ വില നിശ്ചയിച്ച് നൽകിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഷെഡ്ഡുകൾ വില നിശ്ചയിച്ച് നൽകുന്നത്. ഷെഡ്ഡിന്റെ വില നിർണ്ണയിക്കുന്നത് ലാന്റിന്റെ ഡവലപ്മെന്റ് കോസ്റ്റും ബിൽറ്റ് അപ് ഏരിയായുടെ

LIBRARY ARCHIVES Kerala Legislative Assembly